പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1408 03.10.2016 - ൽ മറുപടിയ്ക്ക്

## റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|
| (എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ അനുവദിച്ചിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) ഉണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.114/13/ നികുതി വകുപ്പ് തീയതി 05.02.2013 പ്രകാരം, ആരോഗ്യവകുപ്പിന്റെ കീഴിലുള്ള 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉത്തരവായിരുന്നു. ഇതിൽ റാന്നി താലൂക്ക് ആശുപത്രിയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഫണ്ട് അനുവദിച്ചിരുന്നില്ല. |
| (ബി) ഡയാലിസിസ് ആവശ്യമുള്ള റാന്നിയിലേയും സമീപ പ്രദേശങ്ങളിലേയും ജനങ്ങൾ ഇപ്പോൾ ദൂരെ സ്ഥലങ്ങളിലേക്ക് പോവുകയും യഥാസമയം ചികിത്സ കിട്ടാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) നിലവിലുള്ള ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം പരിമിതമായിരിക്കുന്നതിനാൽ പുതിയ രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ റാന്നി താലൂക്കാശുപത്രിയിൽ അനുവദിച്ച കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ഉണ്ട്. രോഗികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് റാന്നി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ